

# വിശുദ്ധൻമാർക്കുള്ള പ്രതിഫലം

## (യാഥാർത്ഥ്യവും തെറ്റിദ്ധാരണകളും)



**പാസ്റ്റർ ജേക്കബ് മാമച്ചൻ**

വേർഡ് ഓഫ് ഗോഡ് ചർച്ച്

ദുബായ്, യു.എ.ഇ.

## ആമുഖം

ഇന്നത്തെ പ്രാദേശിക ക്രിസ്തീയ സഭകളെ നാം വിലയിരുത്തുമ്പോൾ, അവിടെയുള്ള ഓരോ വിശ്വാസി യുടെയും സാക്ഷ്യവാചകങ്ങളിലെ ഏറ്റവും സാധാരണ മായ ഒരു വാചകം ഇതാണ് 'ദൈവം എനിക്ക് മനോഹര മായ ഭവനവും വാഹനവും നല്ല സ്ഥാനമാനങ്ങളും ഒക്കെ നൽകി; സ്വന്തം സഹോദരങ്ങൾ തള്ളിക്കളഞ്ഞപ്പോൾ കർത്താവ് എനിക്ക് പ്രതിഫലം നൽകി'. ഇതുകൂടാതെ സമാനമായ മറ്റ് പല പ്രസ്താവനകളും സ്ഥിരമായി നാം കേൾക്കാറുണ്ട്. കർത്താവാണ് നമുക്കുള്ളതെല്ലാം ആസ്വ ദിപ്പാൻ തരുന്നത് എങ്കിലും, പ്രതിഫലങ്ങളെക്കുറിച്ചുള്ള നമ്മുടെ ധാരണകളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

പ്രതിഫലങ്ങൾ ക്രിസ്തുവിനെ കൂടുതൽ മനസ്സി ലാക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. നാം പ്രതിഫലം പ്രതീക്ഷിക്കണം; എന്നിരുന്നാലും, അവ സ്വീകരിക്കുമ്പോൾ, അവിടുത്തെ സ്വഭാവത്തെക്കുറിച്ചും ആ ബന്ധത്തിന്റെ ആഴത്തെക്കുറിച്ചും നാം ബോധവാന്മാരായിരിക്കണം. നമ്മുടെ യഥാർത്ഥ പ്രതിഫലം കർത്താവായ യേശു ക്രിസ്തുവാണ്. അവിടുന്ന് പിതാവാം ദൈവത്തിലൂടെ അയക്കപ്പെട്ടു ഇന്ന് നമ്മിൽ ജ്ഞാനവും വിവേകവും ആയി തീർന്നിരിക്കുന്നു.

***ഒന്നാമതായി*** നാം മനസ്സിലാക്കേണ്ടത്, നാം കർത്താവിനെ അനുഗമിക്കുന്നത് ഈ ഭൂമിയിലെ പ്രതിഫലത്തിനു വേണ്ടിയല്ല. എന്നാൽ തിരുവചനത്തിൽ നിന്നും ചില വാക്യങ്ങൾ പരിശോധിച്ചാൽ , എങ്ങനെയാണ് അത് പൂർണമായും വചനപ്രകാരം മനസ്സിലാക്കേണ്ടത് എന്ന് നമുക്ക് കാണാം.

എബ്രായർ പതിനൊന്നാം അദ്ധ്യായം അതിൽ പ്രധാനപ്പെട്ട ഒന്നാണ്: 'എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ' എബ്രാ: 11:6.

പ്രതിഫലം ഒരുനാളും ലഭിക്കില്ല എന്ന് നാം പറയുന്നില്ല, ദൈവം നമുക്കു പ്രതിഫലം നൽകുന്നു, ദൈവത്തോട് അടുക്കുമ്പോൾ ആ വിശ്വാസവും നമുക്കു ഉണ്ടായിരിക്കണം. എന്നാൽ നാം മനസ്സിലാക്കണം, എന്താണ് ഈ പ്രതിഫലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, അതിനെക്കുറിച്ചു നാം എന്താണ് ചിന്തിക്കേണ്ടത്.

എനിക്കു സന്തോഷവും സമാധാനവും തരുന്നത്, എന്നെ തൃപ്തമാക്കുന്ന ചില വിഷയങ്ങൾ ഇതൊക്കെയാണ് ഭൂമിയിലുള്ള പ്രതിഫലം എന്ന വിഷയത്തിൽ നമ്മുടെ ചിന്തകളിലേക്ക് വരുന്നത്. ഉദാഹരണത്തിന് നിങ്ങൾ ഒരിടത്തു ജോലി ചെയ്യുമ്പോൾ, ചിലപ്പോൾ അധികസമയം ജോലി ചെയ്യേണ്ടി വരുന്നു, എന്നാൽ അവർ അതിനു അധിക ശമ്പളം നൽകുന്നു കൂടാതെ

ബോണസുകളും മറ്റും ലഭിക്കുന്നു. ഇവയെല്ലാംതന്നെ നിങ്ങളുടെ മാത്രം സന്തോഷത്തിനു കാരണമാകുന്ന വിഷയങ്ങളിൽ ചിലതാണ്. നാം ഒരു നല്ല കാര്യം ചെയ്യുന്നു, സർക്കാർ അതിനു നമുക്കൊരു പ്രതിഫലം തരുന്നു, അതിനെ പ്രത്യുപകാരമായി നമുക്കു ലഭിക്കുന്നത് എന്ന് മനസിലാക്കാം.

ദൈവത്തിൽ നിന്നും നമുക്ക് എന്തെങ്കിലും ലഭിക്കുമ്പോൾ പ്രധാനമായും 'എനിക്ക്' എന്നതല്ല 'ദൈവം' എന്ന വിഷയമാണ് ചിന്തിക്കേണ്ടത്. പ്രതിഫലം എന്ന വിഷയത്തിൽ നാം മനസിലാക്കാതെ പോകുന്ന ഒരു വിഷയമാണിത്. ദൈവത്തിൽ നിന്നും പ്രതിഫലം നാം പ്രതീക്ഷിക്കേണ്ടതാണ്. എന്നാൽ അതിനു മുമ്പായി നാം അവന്റെ സ്വഭാവവും പ്രകൃതിയും അറിഞ്ഞിരിക്കേണം. അത് അവനുമായുള്ള ബന്ധം കൂട്ടാനുതകും.

***പരിശുദ്ധാത്മാവ്, വിശുദ്ധന്മാരുടെ കൂട്ടായ്മ, ദൈവവചനം യഥാർത്ഥ അർത്ഥത്തോടെ മനസിലാക്കൽ*** ഇങ്ങനെയുള്ള പ്രതിഫലങ്ങൾ നാം ദൈവത്തിൽ നിന്നും പ്രതീക്ഷിക്കേണ്ടതാണ്.

ദൈവത്തിന്റെ പ്രതിഫലം ഒരാൾക്ക് ലഭിക്കുമ്പോൾ അതായത് പിതാവിൽ നിന്നും പ്രതിഫലം ലഭിക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്? പിതാവിനോടുള്ള ബന്ധം വർദ്ധിക്കുന്നു, സ്വയം എന്ന ബോധം ഇല്ലാതെയാകും കൂടാതെ ദൈവത്തിന്റെ സ്വഭാവം മനസ്സിലാക്കുവാനും അത് സാധ്യമാക്കും. നിങ്ങൾ അതിനെ കുറിച്ച് ചിന്തിക്കുകയാണെങ്കിൽ ദൈവവചനം പറയുന്ന ഏറ്റവും വലിയ പ്രതിഫലം

'പാപത്തിന്റെ ശമ്പളം മരണം, ദൈവത്തിന്റെ കൃപാ ദാന മോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യ ജീവൻ തന്നെ.'

യേശുക്രിസ്തു ദൈവത്തിന്റെ ദാനമാകുന്നു എന്ന് നമു ക്കറിയാം. നമ്മുടെ രക്ഷക്കുവേണ്ടിയുള്ള ദൈവത്തിന്റെ മഹാപ്രതിഫലം. ഈ വിശാലമായ കാഴ്ചപ്പാടോടുകൂടി നാം ചിന്തിച്ചാൽ യേശുക്രിസ്തു നമ്മുടെ മഹാ പ്രതിഫലം എന്ന് വ്യക്തമാകും. ഇങ്ങനെ നോക്കിയാൽ യേശു ക്രിസ്തുവിനെ ലഭിച്ചവർക്ക് എന്ത് ലഭിച്ചു? അവർക്ക് പിതാവിനെ ലഭിച്ചു. ഇവിടെ പ്രതിഫലം എന്ന വിഷയ ത്തിന്റെ അർത്ഥതലങ്ങൾ സാധാരണ ചിന്താഗതികളിൽ നിന്നും വ്യത്യസ്തമാകുന്നു.

വളരെ പ്രധാനപ്പെട്ട വിഷയം, നമുക്കു പ്രതിഫ ലം ഉണ്ട്. അതെന്തിനാണ്? അധികം പ്രതിഫലം മൂലം നമുക്കു എന്ത് ലഭിക്കുന്നു? കർത്താവിനെ കൂടുതൽ അറി യുവാൻ അത് ഉതകും. അവിടുന്ന് പറഞ്ഞത് അറിയുവാൻ, അവിടുത്തെ ചിന്തകൾ അറിയുവാൻ, അവിടുന്ന് പ്രവർ ത്തിച്ചത് അറിവാനുമൊക്കെയായി അത് ഉപകരിക്കും. കാണപ്പെടാത്ത അവസ്ഥയിൽ ഉള്ള പിതാവിനെ ഇപ്രകാരം നാം അറിയും, പ്രതിഫലങ്ങളിലൂടെ നാം അവിടുത്തെ അറിയും.

യോഹന്നാൻ നാലാം അദ്ധ്യായത്തിൽ നാം എന്താണ് കാണുന്നത്? യേശുക്രിസ്തു ശമര്യസ്ത്രീയോടു പറയു ന്നത് 'എന്നോട് ചോദിച്ചാൽ ഞാൻ ജീവജലത്തിന്റെ ഉറവ നിനക്കു കുടിപ്പാൻ തരും' അതാണ് അവൾക്കു

ലഭിക്കാൻ ഉള്ള പ്രതിഫലം. എന്നാൽ ഈ വെള്ളം കുടിച്ചാൽ ഒന്നു സംഭവിക്കും, നിനക്കൊരിക്കലും ദാഹിക്കുകയില്ല, നീ സത്യം അറിയും. അതിനു ശേഷ മാണ് പറയുന്നത് 'ദൈവം ആത്മാവു ആകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തി ലും നമസ്കരിക്കേണം'. ഇങ്ങനെ പ്രതിഫലം എന്നത് ഉയരത്തിലേക്ക് കണ്ണുകൾ ഉയർത്തുവാൻ നമ്മെ പ്രാപ്ത രാക്കട്ടെ. നമ്മുടെ പ്രതിഫലം ദൈവത്തിൽ നിന്നാകുന്നു.

കൊലോ 3:23,24 'നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോ ടെ ചെയ്‌വിൻ. അവകാശമെന്ന പ്രതിഫലം കർത്താ വു തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ.'

കൊലോ 1:12 'വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിന്നായി നമ്മെ പ്രാപ്തന്മാരാക്കുകയും'

ഇതാണ് നമുക്കുള്ള പ്രതിഫലം. ഇപ്രകാരം ദൈവ ത്തിൽ നിന്നുമുള്ള അവകാശം നമുക്കുണ്ട് എന്ന ബോധ്യം നമുക്കുണ്ടായിരിക്കേണം. എബ്രാ:10:35 'അതു കൊണ്ടു മഹാ പ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുതു.'

അതുകൊണ്ട് നമ്മുടെ മഹാപ്രതിഫലം എന്നത് എന്താണ് എന്ന് നമുക്ക് ഉറപ്പുണ്ടായിരിക്കണം.

എബ്രാ.11:8-10 'വിശ്വാസത്താൽ അബ്രഹാം തനിക്കു അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്കു യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു എവിടേക്കു

പോകുന്നു എന്നറിയാതെ പുറപ്പെട്ടു. വിശ്വാസത്താൽ അവൻ വാഗ്ദത്തദേശത്തു ഒരു അന്യദേശത്തു എന്ന പോലെ ചെന്നു വാഗ്ദത്തത്തിന്നു കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടുംകൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ടു. ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിന്നായി കാത്തിരുന്നു.'

എബ്രായ ലേഖനത്തിന്റെ പശ്ചാത്തലത്തിൽ, ദൈവരാജ്യത്തെപ്രതിയുള്ള  നമ്മുടെ കഷ്ടതകളിലും പ്രതിസന്ധികളിലും ഉറപ്പോടുകൂടി നിൽക്കുവാനുള്ള ധൈര്യം ഉണ്ടെങ്കിൽ നിങ്ങൾ നിൽക്കണം എന്നാണ് അവിടെ പറയുന്നത്.  കാരണം ഇതിനൊക്കെ പ്രതിഫലം ഉണ്ട്. എന്താണാ പ്രതിഫലം? അവിടുന്ന് ഒരുക്കിയ രാജ്യം അവൻ വരുമ്പോൾ നിങ്ങൾക്കു ലഭിക്കും.  ഇങ്ങനെയുള്ള പ്രതിഫലത്തെക്കുറിച്ചു നാം മനസ്സിലാക്കിയിരിക്കണം.

എബ്രായലേഖനം പന്ത്രണ്ടാം അദ്ധ്യായത്തിലേക്കു വരുമ്പോൾ  കുറച്ചുകൂടി കാര്യങ്ങൾ നമുക്ക് വ്യക്തമാകും.

12 : 28 .ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതു കൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിന്നു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക നമുക്കൊരു രാജ്യം ഉറപ്പായും ഉണ്ടെന്നു  പറയുമ്പോൾ, നമുക്ക് ലഭിക്കാൻ പോകുന്ന രാജ്യത്തെക്കുറിച്ചാണ് അവിടെ പറയപ്പെടുന്നത്. അതുകൊണ്ട് മഹാപ്രതിഫലത്തെ  നൽകിത്തരുന്ന ദൈവത്തിന്റെ ഈ തിരിച്ചറിവാണ് നാം മനസിലാക്കിയിരിക്കേണ്ടത് .

പ്രതിഫലം വാഹനമല്ല, പ്രതിഫലം ഭവനമല്ല, പ്രതിഫലം 'നിന്ദിച്ചോരുടെ മുന്നിൽ' മാനിച്ചു നടത്തുന്നതുമല്ല.

പെന്തിക്കോസ്തുകാരുടെ ഇടയിൽ ഒരു ബാധ പോലെ കിടക്കുന്ന ചിലതാണിത്. നിന്ദിച്ചവരുടെ മുന്നിൽ മാനിച്ചു നടത്തി എന്നൊക്കെ പറയുന്നവർക്ക് കർത്താവ് ഒരു കഥ പറഞ്ഞത് ഓർക്കുന്നത് നന്നായിരിക്കും. ലാസറിന്റെയും ധനവാന്റെയും കഥയിൽ ഇരുവരും മരിക്കുമ്പോൾ ലാസർ തന്നെ നിന്ദിച്ചവർക്കുമുന്നിൽ ഒരു മാന്യതയും ലഭിച്ചിരുന്നില്ല. എന്നാൽ അവൻ എവിടെ ഇരിക്കുന്നതായാണ് നാം വായിക്കുന്നത്? അബ്രഹാമിന്റെ മടിയിൽ. യാക്കോബിന്റെ ലേഖനത്തിൽ നാം കാണുന്നു 'ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നേ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിന്നു തിരഞ്ഞെടുത്തില്ലയോ?' അവർ സമ്പന്നരാകും എന്നതല്ല അവിടെ കാണുന്നത്, ദൈവരാജ്യത്തിന്റെ അവകാശമുള്ള സമ്പന്നർ എന്ന അവസ്ഥയിൽ തന്നെയാണ് അവർ. അവർ ദരിദ്രരായി മരിച്ചു പോയേക്കാം എന്നിരുന്നാലും അവർ വിശ്വാസത്തിൽ സമ്പന്നരാകുന്നു.

നമ്മുടെ പ്രതിഫലം എന്നത് പെന്തക്കോസ്ത് സഭകളിൽ സാക്ഷ്യമായി കേൾക്കാറുള്ളതുപോലെ വീടോ, വസ്തുവോ മറ്റെന്തെങ്കിലും ഭൗതിക നേട്ടങ്ങളോ അല്ല എന്ന് നാം കണ്ടു. ചിലർ ഇങ്ങനെയും പറയാറുണ്ട്, കർത്താവിനുവേണ്ടി ഞാൻ ഇറങ്ങിയപ്പോൾ എനിക്ക് സ്വ

ന്തമായി ഒരു വീടോ വസ്തുവോ ഇല്ലായിരുന്നു എന്നാൽ ഇന്ന് അവൻ എന്നെ മാനിച്ചു, സകലതും എനിക്ക് കിട്ടി. പ്രിയമുള്ളവരേ നമ്മുടെ ഇടയിലുള്ളവർ ഇങ്ങനെ പറയരുത്, കാരണം അത് വളരെ തെറ്റായ തിരിച്ചറിവിന്റെ വാക്കുകളാണ്. കർത്താവ് നമ്മെ മാനിക്കുന്നത് ഇവിടെയുള്ള വീടും വസ്തുവും തന്നിട്ടല്ല.

***കർത്താവ് എങ്ങനെയാണ് മാനിക്കുന്നത്?***

അവിടുത്തെ സ്വന്തപുത്രനെ ആദരിക്കാതെ നമുക്കായി നൽകി, ഈ വലിയ നന്മയുടെ പരിജ്ഞാനം ഒരു മനുഷ്യന്റെ ഉള്ളിൽ വരുമ്പോൾ, നോക്കുക ഇത് എത്ര വലിയ പ്രതിഫലമാണ്. ഈ അവകാശം നിങ്ങൾക്കു ലഭിച്ചിരിക്കുന്നു.

***യേശുക്രിസ്തുവിനെ ലഭിച്ചതാണ് നമ്മുടെ പ്രതിഫലം***

ഈ ഭൂമിയിൽ ഒരു വിഷമകരമായ മരണം നേരിട്ടാലും യേശുക്രിസ്തുവിനെ ലഭിച്ചവർക്ക് മാത്രമേ പ്രതിഫലം ലഭിക്കുകയുള്ളു. വെളിപ്പാട് പുസ്തകത്തിൽ നാം കാണുന്നു, രക്തസാക്ഷികളായവർ അവരുടെ പ്രതിഫലത്തിനായി കാത്തിരിക്കുന്നു. അതുകൊണ്ട് നമുക്ക് വേണ്ടത് സഹിഷ്ണതയാണ്, എല്ലാം അവിടുത്തെ സമയത്തു നടന്നാൽ മതി എന്ന സഹിഷ്ണത. കർത്താവിന്റെ വരവിനെ കുറിച്ച് ചിലർ പറയാറുണ്ട്, കർത്താവ് ഇതുവരെ വന്നില്ലല്ലോ, എന്തുകൊണ്ട് താമസിക്കുന്നു?. അവിടുത്തെ സമയത്തിനായി നാം ക്ഷമയോടെ കാത്തിരിക്കേണം. അവൻ വരുമ്പോൾ സർവ്വവും തികഞ്ഞ സമയമായിരിക്കും. ഇതൊക്കെ കർത്താവിനെ ആശ്രയി

ക്കുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു.

മറ്റു യാതൊരുവിധ തെളിവുകൾ കൂടാതെതന്നെ കർത്താവിന്റെ വരവിനായി പ്രത്യാശിക്കുവാൻ, അവിടുത്തെ പുനരുത്ഥാനത്തെ അറിവാൻ നാം ശക്തരാണേം. യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പാണ് അവൻ വീണ്ടും വരും എന്നുള്ളതിന്റെ തെളിവും, നമ്മുടെ ധൈര്യവും. കർത്താവ് ഉയർത്തില്ലായിരുന്നുവെങ്കിൽ ഒരു ധൈര്യവും ഇല്ല നമ്മുടെ പ്രസംഗം വ്യർത്ഥം, നാം നമ്മുടെ പാപത്തിൽ തന്നെയാണ്. ഇങ്ങനെ അവന്റെ മരണ പുനരുത്ഥാനത്തെ കുറിച്ചുള്ള ധൈര്യം നമ്മെ എപ്പോഴും ധൈര്യമുള്ളവരാക്കുന്നു.

ഈ വായന അവസാനിക്കുമ്പോൾ നമ്മുടെ പ്രതിഫലത്തെക്കുറിച്ചു യഥാർത്ഥ ബോധ്യം നിങ്ങൾക്ക് ഉണ്ടായിരിക്കേണം, പ്രതിഫലം നമുക്കായി ഒരുക്കിയിരിക്കുന്ന ദൈവത്തിലാണ് നാം വിശ്വസിക്കുന്നത്. കൂടാതെ അവിടുന്ന് തരുന്ന പ്രതിഫലം, വാഹനം വീട് വസ്തു സഹോദരങ്ങളുടെ മുന്നിൽ ലഭിക്കുന്ന നന്മ തുടങ്ങിയവയൊന്നുമല്ല എന്നും നാം കണ്ടു. ഇപ്രകാരം എന്തെങ്കിലും നിങ്ങൾക്ക് ലഭിച്ചാൽ അതിനെ പ്രതിഫലത്തിന്റെ പേരിൽ സാക്ഷ്യമായി പ്രസ്താവിക്കാതിരിക്കുക. യേശുക്രിസ്തുവിന്റെ ഉയർപ്പിനെ കുറച്ചുകാട്ടുന്ന യാതൊരുവിധ സാക്ഷ്യങ്ങളും നിങ്ങളിൽ നിന്നും ഉണ്ടാകാതിരിക്കുക. ഭൗതികമായ സകലതും ക്രൂശിനു മുൻപിൽ താഴ്ത്തി വെക്കേണം. 1കൊരിന്ത്യർ ഇതാണ് പറയുന്നത് 'അവന്റെ സന്നിധിയിൽ ഒരു ജഡവും പ്രശംസിക്കുകയില്ല'

സർവ്വ മാനവും മഹത്വവും അവനു തന്നെയാണ്. യേശുക്രിസ്തു എന്ന മഹാദാനത്തിനപ്പുറമായി മറ്റൊന്നുമില്ല. അതുകൊണ്ട് യേശുക്രിസ്തുവാണ് നമ്മുടെ പ്രതിഫലം കൂടാതെ ദൈവം ശില്പിയായി നിർമിച്ചതും അടിസ്ഥാനങ്ങൾ ഉള്ളൊരു നഗരത്തിനായും, വെളിച്ചത്തിലുള്ള വിശുദ്ധന്മാരുടെ അവകാശത്തിനായും നാം കാത്തിരിക്കുന്നു. ദൈവത്തിനു മഹത്വം.

ഈ ലേഖനത്തിന്റെ വീഡിയോ കാണുവാൻ ഈ ലിങ്കിൽ ക്ലിക് ചെയ്താൽ മതി.

https://www.facebook.com/wordofgodsons/videos/1147256479540095

*"Hey, I would like to know more."*

***Join us at:***

## Word of God Church, Dubai

☎ **+971 56 392 1933, +91 90375 88577**

**+91 90375 88577**

✉ **wordofgodsons@gmail.com**

**www.addtofaithblog.com**

**Find us on:**

**WordofGod Church**

**thewordofgod_church**

**WordofGod Church**

*Printed and published by Word of God Church, Dubai*
*(for private circulation only)*